പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 208 26.02.2018 - ൽ മറുപടിയ്ക്ക്**

## കരൾമാറ്റ ശസ്ത്രക്രിയ

**ചോദ്യം**

ശ്രീ. വി.എസ്.ശിവകുമാർ :

ശ്രീ.കെ.എസ്.ശബരീനാഥൻ :

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയയ്ക്കായി പ്രത്യേക വിഭാഗം നിലവിലുണ്ടോ;

(എ) ഇല്ല.

(ബി) കരൾമാറ്റ ശസ്ത്രക്രിയക്കായി പ്രത്യേക ഉപകരണങ്ങളും ലാബും തീവ്ര പരിചരണത്തിനായി പ്രത്യേക വിഭാഗവും പ്രസ്തുത മെഡിക്കൽ കോളേജിൽ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനായി എന്ത് തുക ഇതിനകം ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(ബി) കരൾമാറ്റ ശസ്ത്രക്രിയക്കായി പ്രത്യേക ഉപകരണങ്ങളും പ്രത്യേക തീവ്ര പരിചരണ വിഭാഗവും സ്ഥാപിച്ചിട്ടുണ്ട്. പ്രത്യേക ലാബ് സ്ഥാപിച്ചിട്ടില്ല. കരൾമാറ്റ ശസ്ത്രക്രിയയ്ക്കുള്ള വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 4,14,63,423/- രൂപ (നാല് കോടി പതിനാല് ലക്ഷത്തി അറുപത്തി മൂവായിരത്തി നാനൂറ്റി ഇരുപത്തി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന എത്ര കരൾമാറ്റ ശസ്ത്രക്രിയകൾ ഇതിനകം നടന്നു ;

(സി) ഒന്ന്.

(ഡി) എല്ലാ സജ്ജീകരണങ്ങളും നിലവിലുണ്ടെങ്കിലും കരൾമാറ്റ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ ആശുപത്രികളിൽ ലക്ഷക്കണക്കിന് രൂപ ഈടാക്കുന്ന ഈ ശസ്ത്രക്രിയ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പുനരാരംഭിക്കുന്നതിന് അടിയന്തര നടപടികൾ കൈക്കൊള്ളുമോ?

(ഡി) യും (ഇ) യും മരണാനന്തര അവയവദാന പ്രക്രിയ പ്രകാരം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന ആദ്യത്തെ കരൾമാറ്റ ശസ്ത്രക്രിയയിൽ കരൾ സ്വീകരിച്ച രോഗി അവയവദാതാവിൽ നിന്നുണ്ടായ അണുബാധ മൂലം മരണപ്പെടുകയുണ്ടായി. തുടർന്ന് ഇക്കാര്യം വിശദമായി പരിശോധിക്കുകയും ഇന്റൻസീവ് കെയർ യൂണിറ്റുകളിലെ അണുബാധ നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിനെ ചുമതലപ്പെടുത്തുകയും ചെയ്തു. മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ കമ്മറ്റി രൂപീകരിച്ച് ഇതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കരൾമാറ്റ ശസ്ത്രക്രിയ പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ